**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹരിത. വി. കുമാർ ഐ എ എസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐസിഡിഎസ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് അങ്കണവാടി കെട്ടിട നിർമ്മാണം - മണ്ണാർക്കാട് ഐസിഡിഎസ്സ് പ്രോജക്ടിലെ തെങ്കര ഗ്രാമപഞ്ചായത്തിലെ 92-ാം നമ്പർ അങ്കണവാടിയുടെ കെട്ടിട നിർമ്മാണാനുമതി റദ്ദ് ചെയ്തും പകരം ടി പ്രോജക്ടിലെ തെങ്കര ഗ്രാമപഞ്ചായത്തിലെ 99-ാം നമ്പർ അങ്കണവാടിക്ക് കെട്ടിട നിർമ്മാണാനുമതി നൽകിയും ഉത്തരവാകുന്നു.

പരാമർശം:
1. കേന്ദ്രസർക്കാരിന്റെ 31/03/2023 തീയതിയിലെ CD-II-14/36/2022-CD-II നമ്പർ കത്ത്
2. സ.ഉ.(സാധാ) നം 340/2023/WCDD തീയതി. 13/06/2023
3. ഈ കാര്യാലയത്തിലെ 14/06/2023 തീയതിയിലെ DWCD/1999/2023-ICDS A7 നമ്പർ ഉത്തരവ്
4. ഈ കാര്യാലയത്തിലെ 15/03/2024 ലെ ഇതേ നമ്പർ ഉത്തരവ്.
5. പാലക്കാട് പ്രോഗ്രാം ഓഫീസറുടെ 06-04-2024 തീയതിയിലെ No/B/228/24 നമ്പർ കത്ത്

**ഉത്തരവ് നം. DWCD/1999/2023 തീയതി: 01-11-2024**

2022-23 സാമ്പത്തിക വർഷത്തിലെ കേന്ദ്രാവിഷ്കൃതപദ്ധതികളുടെ പുതിയ കോസ്റ്റ്നോംസ് പ്രകാരം MGNREGA യുമായി സംയോജിപ്പിച്ച് 140 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി പരാമർശം (1) പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടനിർമ്മാണത്തിന് 8 ലക്ഷം രൂപ MGNREGA വിഹിതവും, 2 ലക്ഷം രൂപ ഫിനാൻസ് കമ്മീഷൻ ഫണ്ടും, 2 ലക്ഷം രൂപ 60:40 അനുപാതത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകളും വഹിക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ കേന്ദ്രവിഹിതമായ 168 ലക്ഷം രൂപ പരാമർശം (1) പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ കേന്ദ്ര വിഹിതമായ 1,68,00,000/- രൂപയും സംസ്ഥാനവിഹിതമായ 1,12,00,000/- രൂപയും ചേർത്ത് ആകെ 2,80,00,000/- (രണ്ട് കോടി എൺപത് ലക്ഷം രൂപ) അനുവദിച്ചും ടി തുക വിനിയോഗിച്ച് 140 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം (2) പ്രകാരം ലഭിക്കുകയും പ്രസ്തുത തുക MGNREGA സ്കീമിനായി (scheme code KL 257) IDBI ബാങ്കിൽ വനിതശിശുവികസനഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിൽ ( Account no 0889104000111751) പരാമർശം (3) പ്രകാരം നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്.

മണ്ണാർക്കാട് ഐസിഡിഎസ്സ് പ്രോജക്ടിലെ തെങ്കര ഗ്രാമപഞ്ചായത്തിലെ 92-ാം നമ്പർ അങ്കണവാടിയ്ക്ക് പരാമർശം (4) പ്രകാരം MGNREGS പദ്ധതിയിൽപ്പെടുത്തി കെട്ടിടനിർമ്മാണാനുമതി നൽകിയിരുന്നു. എന്നാൽ 92-ാം നമ്പർ അങ്കണവാടിയ്ക്ക് പകരം 99-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനാണ് പഞ്ചായത്തിൽ നിന്നും രേഖകൾ ലഭ്യമാക്കിയിരുന്നതെന്നും, ലഭ്യമായ രേഖകളിൽ അങ്കണവാടി സെന്റർ നം രേഖപ്പെടുത്തിയിരുന്നില്ല എന്നും, പുഞ്ചക്കോട് അങ്കണവാടി

എന്നു മാത്രമാണ് രേഖപ്പെടുത്തിയിരുന്നതെന്നും, 92-ാം നമ്പർ അങ്കണവാടിയുടെ പേര് പുഞ്ചക്കോട് എന്നും, 99-ാം നമ്പർ അങ്കണവാടിയുടെ പേര് കുന്നുംപുറം പുഞ്ചക്കോട് എന്നുള്ളതിനാലാണ് ഇത്തരത്തിൽ ഒരു അപാകത സംഭവിച്ചതെന്ന് മണ്ണാർക്കാട് ശിശുവികസനപദ്ധതിആഫീസർ അറിയിച്ചിട്ടുള്ളതായും, ആകയാൽ തെങ്കര ഗ്രാമപഞ്ചായത്തിലെ 92-ാം നമ്പർ അങ്കണവാടിയ്ക്ക് പകരം പ്രസ്തുത ഗ്രാമപഞ്ചായത്തിലെ 99-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടനിർമ്മാണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (5) പ്രകാരം പാലക്കാട് പ്രോഗ്രാം ആഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ പാലക്കാട് പ്രോഗ്രാം ആഫീസറുടെ അഭ്യർത്ഥന പരിഗണിച്ച് പരാമർശം (4) പ്രകാരം നിർമ്മാണാനുമതി നൽകിയിരുന്ന മണ്ണാർക്കാട് ഐസിഡിഎസ്സ് പ്രോജക്ടിലെ തെങ്കര ഗ്രാമപഞ്ചായത്തിലെ 92-ാം നമ്പർ അങ്കണവാടിയുടെ കെട്ടിട നിർമ്മാണാനുമതി റദ്ദ് ചെയ്തും പകരം ടി പ്രോജക്ടിലെ തെങ്കര ഗ്രാമപഞ്ചായത്തിലെ 99-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടനിർമ്മാണാനുമതി നൽകിയും ഉത്തരവാകുന്നു.

മേൽ ഭേദഗതിയോടെ പരാമർശം (4) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

മിഷൻ ഡയറക്ടർ,

MGNREGS, തിരുവനന്തപുരം

പകർപ്പ് :

1. പ്രോഗ്രാം ഓഫീസർ, പാലക്കാട്
2. സിഡിപിഒ മണ്ണാർക്കാട്.
3. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**സൂപ്രണ്ട്**

Signed by
Priyanka G I A S
Date: 01-11-2024 10:21:19